ബാഹ്യ ജാതിക്കാർ വിഗ്രഹ വന്ദനം
ചെയ്തീടുന്നു യഹൊവാ മമാശ്രയം.
൪ അവ തങ്ങടെ വെള്ളിയും സ്വർണ്ണവും
ഒരം വകകൊണ്ടു നിമ്മിച്ച ദെവരെ.
വിഗ്രഹങ്ങളെ തീൎത്തവയൊന്നിനും
ചെഷ്ടയില്ല; യഹൊവാ മമാശ്രയം.
൫ കണ്ണുണ്ടെങ്കിലും കാണുന്നതുമില്ല;
കെൾക്കുന്നില്ലവ കർണ്ണമിരിക്കിലും;
വായികൊണ്ടൊന്നുമല്പമുരിയാട്ടും
ഇല്ലതന്നെ; യഹൊവാ മമാശ്രയം!
൬ മൂക്കുണ്ടെങ്കിലും ഗന്ധമറികില്ല;
കൈ കൊണ്ടൊന്നും തൊടുന്നതുമില്ലവ;
കാൽ കൊണ്ടല്പം നടക്കുന്നതുമില്ല;
കണ്ടതില്ലെ? യഹൊവാ മമാശ്രയം!
൭ ആയതുണ്ടാക്കുന്നൊരുമവയതിൽ
ആശ്രയിപ്പൊരുമായവെക്കൊക്കുന്നു.
ഇസ്രയെലെ, ദൈവത്തിങ്കലാനന്ദം
ചെയ്ക എന്നും; യഹൊവാ മമാശ്രയം!
൮ ദൈവമെല്ലൊ തുണയും പരിചയും
ആകുന്നു അഹറൊന്റെ ഗൃഹക്കാരെ! *
ആശ്രയിപ്പിനവനുമവനുടെ
വായ്യൂണെയാം യഹൊവാ മമാശ്രയം!

* അഹറൊൻ എന്നവൻ യഹൂദരുടെ മഹാചാൎയ്യന്മാരുടെ ഗൊത്ര പിതാവു.

൯ ആയവൻ പരിചയുമാം; ദൈവത്തിൽ
ഭീതിയുള്ളൊരെ ആശ്രയിപ്പിൻ നിങ്ങൾ
ദൈവവുമായവൎക്ക സഹായവും
ഖെടവുമാം; യഹൊവാ മമാശ്രയം!
൧൦ ദൈവ ഭീതിയതുള്ളൊരെയൊക്കയും.
ബാലവൃദ്ധാദി ഭെദവും കൂടാതെ
എറ്റവുമനുഗ്രഹിച്ചു നിങ്ങളെ
വൎദ്ധിപ്പിക്കും; യഹൊവാ മമാശ്രയം.
൧൧ നിങ്ങടെ മക്കളെയും വൎദ്ധിപ്പിക്കും
ഭൂമിയുമാകാശത്തെയും നിൎമ്മിച്ച
ദൈവത്താൽ നിങ്ങളനുഗ്രഹിക്കപ്പെട്ടൊർ
ആകുമല്ലൊ; യഹൊവാ മമാശ്രയം.
൧൨ ഭൂമിയും പിന്നെ ആകാശവും ദൈവം
തന്റെതാകുന്നു; ഭൂമിയെ മൎത്ത്യൎക്കായി.
നല്കിയതായീടുന്നു; മരിച്ചൊരും
വാഴ്ത്തുന്നില്ല; യഹൊവാ മമാശ്രയം!
൧൩ മൌനമായി വസിപ്പൊരുമങ്ങിനെ.
നാമിതു മുതലെന്നും യഹൊവായെ
വാഴ്ത്തും വാഴ്ത്തുവിൻ! നിങ്ങൾ യഹൊവായെ
വാഴ്ത്തി കൊൾവിൻ യഹൊവാ മമാശ്രയം

## പ്രാൎത്ഥനാഫലം

ഇങ്ക്ലാന്തിനൊടു ചെൎന്നിരിക്കുന്ന ഐയൎല്ലന്ത ദ്വീപുകാർ രാജദ്രൊഹം ചെയ്ത സമയത്തിൽ, പടനായകനായ കൊൎന്നവലിസ തന്റെ പട്ടാളങ്ങളെ ചെൎത്തു, കലക്കത്തെ അമൎക്കുവാൻ ആ ദ്വീപിൽ കയറി യുദ്ധം തുടങ്ങി. ആയവന്റെ സൈന്യത്തിൽ സെവിച്ച ഒരു പടയാളി, കൂട ക്കൂട തന്റെ പാൎപ്പിടം വിട്ടു, സ്വകാൎയ്യമായി വല്ല സ്ഥലത്തു ചെന്നു താമസിച്ചതിനെ, അവന്റെ കൂട്ടുക്കാർ കണ്ടു, ഇവൻ ദ്രൊഹികൾക്കു ദൂതു പറവാനായി പൊകുന്നു, എന്നു സിദ്ധാന്തമായി അവന്റെ മെൽ ബൊധിപ്പിച്ചു. ആ കാൎയ്യത്തെ വിസ്തരിപ്പാൻ കൂടിയ സെനാപതികൾ, അവൻ കുറ്റകാരൻ തന്നെ എന്നു നിശ്ചയിച്ചു, മരണ ശിക്ഷ കല്പിച്ചു, കണ്ട വിധിയെ ഒപ്പിടുവാൻ വെണ്ടി പടനായകനായ കൊൎന്നവലിസിന്റെ അടുക്കൽ കൊടുത്തയക്കുകയും ചെയ്തു. പടനായകൻ വിസ്താര കടലാസ്സുകളെ വാങ്ങി വായിച്ചു, ശൊധന കഴിച്ചപ്പൊൾ, ഓരൊ സംശയങ്ങൾ ജനിക്കയാൽ, കുറ്റക്കാരനെ തന്റെ മുമ്പിൽ വരുത്തി, പുതുതായി വിസ്തരിച്ച സമയത്തിൽ, ആ പടയാളി ഞാൻ ദ്രൊഹിയുമല്ല ദ്രൊഹികളൊടു ചെൎന്നവനുമല്ല ഒരുനാളും ചെരുകയുമില്ല; എന്നു വെണ്ടാ, എന്റെ സൎക്കാരിന്നു വെണ്ടി ജീവനെയും ഉപെക്ഷിപ്പാൻ മടിക്കയുമില്ല, എന്നു പറഞ്ഞ ശെഷം പടനായകൻ: എന്നാൽ കൂട ക്കൂട ഇങ്ങിനെ സ്വകാൎയ്യമായി പൊ

യി താമസിക്കുന്നതിന്റെ ഹെതു എന്തു, എന്നു ചൊദിച്ചാറെ: എനിക്ക ദിവസെന ദൈവത്തൊട്ട കഴിപ്പാൻ ആവശ്യമുള്ള പ്രാൎത്ഥന, പരിഹാസകാരും, വൈരികളുമായിരിക്കുന്നവരുടെ കൂട്ടത്തിൽ നിന്നു കഴിപ്പാൻ പാടില്ലായ്കകൊണ്ടാകുന്നു, എന്നു അവൻ ബൊധിപ്പിച്ച ശെഷം: പ്രാൎത്ഥന നിങ്ങൾക്കു നിത്യവൃത്തി ആകുന്നെങ്കിൽ, അതിൽ നല്ല ശീലവും പ്രാപ്തിയും ഉണ്ടാകും, എന്നാൽ ഇവിടെ തന്നെ മുട്ടുകുത്തി ഒന്നു പ്രാൎത്ഥിച്ചാൽ നിങ്ങളുടെ സത്യം അറിയും, എന്നു പടനായകൻ കല്പിച്ചപ്പൊൾ, പടയാളി ഒന്നു ഞെട്ടി, അയ്യൊ എനിക്ക പ്രാൎത്ഥിക്കുന്നതിൽ നല്ല ശീലം ഇല്ല! ഇവിടെ ഞാൻ എങ്ങിനെ പ്രാൎത്ഥിക്കെണ്ടു? എന്നു പറഞ്ഞതിനെ അവൻ കൂട്ടാക്കാതെ, ഇപ്പൊൾ തന്നെ പ്രാൎത്ഥിക്കെണം എന്ന തീൎച്ച കല്പിച്ചതകൊണ്ടു, പടയാളി മുട്ടു കുത്തി വളരെ വിശ്വാസത്തൊടും ധൈൎയ്യത്തൊടും കൂടി തന്റെ ഹൃദയത്തെ കൎത്താവിന്റെ മുമ്പിൽ പകൎന്നു; തീൎന്ന ശെഷം പടനായകൻ അവന്റെ കൈ പിടിച്ചു: ദൈവത്തൊട്ട അണഞ്ഞു നടക്കുന്നവൻ മാത്രമെ ഇപ്രകാരം പ്രാൎത്ഥിപ്പാൻ കഴിയും എന്നു ചൊല്ലി, വിധിയെയും മാററി, അവനു തന്നൊട്ട കൂട തന്നെ ഒരു പണിയെ നിശ്ചയിച്ചു കൊടുക്കയും ചെയ്തു.

## അദ്ധ്യാസൊപമ.

പണ്ട ഒരു ഗുരുനാഥൻ ശിഷ്യന്റെ ദുഃഖവും തളൎച്ചയും കണ്ടു ചൊദിച്ചിത: പ്രിയ ശിഷ്യ! നിന്റെ ക്ലെശവും ക്ഷീണതയും കാണുന്നതുകൊണ്ടു, എനിക്കും മനൊതാപം ഉണ്ടു. അതിന്റെ ഹെതു കെൾപ്പിക്കെണം.

ശിഷ്യൻ. എനിക്ക ദിവസെന ശക്തിക്കു മീതെ വെല ചെയ്വാനുണ്ടു; ദൈവസഹായം ഉണ്ടാകകൊണ്ടത്രെ ഒരു വിധത്തിൽ കഴിച്ചു പൊരുന്നു. അങ്ങു ദയതൊന്നുകകൊണ്ടു വിവരിച്ചറിയിക്കാം.

നാൾ തൊറും ഞാൻ രണ്ടു കഴുക്കളെ അടക്കി വെക്കെണം.

പായുന്ന രണ്ടു മുയലുകളെ ഓട്ടത്തിൽ നിൎത്തെണം.

രണ്ടു കാള കുട്ടികളെ പണി ശീലിപ്പിക്കെണം.

ഒരു സൎപ്പത്തിന്റെ വിഷപ്പല്ലു പറിക്കെണം.

ഒരു സിംഹത്തെ അടക്കെണം.

ഒരു ദീനക്കാരനെ ശുശ്രൂഷിക്കെണം.

ഇവ നാൾ തൊറും ചെയ്വാൻ കല്പിച്ച വെലകൾ തന്നെ.

ഗുരുനാഥൻ. ഇത കെട്ടിട്ടു പുഞ്ചിരി പൂണ്ടു എൻ കുമാര! നിന്റെ ദുഃഖം വെറുതെ; ഇത്ര വെല ഒരു ദിവസത്തിൽ ആരും കല്പിക്കയില്ലല്ലൊ; ബുദ്ധിമയക്കത്തിൽ ഇങ്ങിനെ തൊന്നിയത.

ശിഷ്യൻ. അയ്യൊ മമ സ്വാമിൻ! ഇത തൊന്നലല്ല കാൎയ്യം അത്രെ. ആ രണ്ടു കഴുക്കൾ എന്റെ കണ്ണിണയാകുന്നു. അടക്കാഞ്ഞാൽ വെണ്ടാത്തത മൊഹിച്ചുകളയും, നിത്യ ഭാഗ്യഭ്രംശം വരുത്തും.

ആ രണ്ടു മുയലുകൾ കാലിണ തന്നെ, ഓട്ടത്തിൽ നിൎത്താഞ്ഞാൽ ദ്രവ്യ മൊഹത്തിന്റെ ഉത്സാഹം കൊണ്ടു അന്യായവഴികളിൽ ചാട്ടും. അറാത ചെതം വരുത്തും.

പണിക്കായി ശീലിപ്പിക്കുന്ന മൂരി കുട്ടികൾ എന്റെ കൈകൾ തന്നെ. അവയുടെ പ്രയത്നം കൊണ്ടല്ലൊ എനിക്കും അനുജനും ഉപജീവനം ഉണ്ടാകുന്നത.

ആ വിഷ പാമ്പൊ, എന്റെ നാവത്രെ അതിനെ അടക്കാഞ്ഞാൽ അസഭ്യമുള്ളതും വ്യൎത്ഥമുള്ളതും പറകയും ദുഷിക്കയും ശപിക്കയും ചെയ്യും. ചെറിയ അവയവമെങ്കിലും എത്ര വമ്പു കാട്ടുന്നു. ചെറിയ തീകനൽ പൊലെ വലിയ കാട്ടിനെ കത്തിക്കുന്നു, നാവു തീ തന്നെ!

പിന്നെ സിംഹമൊ, എന്റെ ഹൃദയമത്രെ. അതിനൊടു ദിവസെന പൊരുതാഞ്ഞാൽ അഹങ്കാരം, ഡംഭം, ക്രൂരത എന്നീവക ദുൎഗ്ഗുണങ്ങൾ എത്രയും വൎദ്ധിക്കും. അകമെയുള്ള ദൈവാത്മാവിന്റെ വെലയെയും വാസത്തെയും നശിപ്പിക്കയും ചെയ്യും.

പിന്നെ ശുശ്രൂഷിക്കുന്ന ദീനക്കാരൻ എന്റെ ശരീരം തന്നെ. അതിന്നു ചിലപ്പൊൾ ഉഷ്ണകാലം ചിലപ്പൊൾ ശീതകാലം അശെഷം പററാ. വിശപ്പും, ദാഹവും, ദീനവും, സൌഖ്യവും ഭെദം കൂടാതെ കാണുന്നുണ്ടു, അധികം കൊടുത്താൽ അജീൎണ്ണതയും കുറച്ചിൽ ആയാൽ ക്ഷയവും പററും. ഇന്നു പൂ പൊലെ ശൊഭിച്ചത നാളെ കൃമിക്കു ഇരയായ്തീരും. അയ്യൊ! ൟ അദ്ധ്വാനങ്ങൾ കൊണ്ടു ഞാൻ പലപ്പൊഴും തളൎന്നു പൊകുന്നു.

ഗുരു. ശിഷ്യന്റെ വാക്കു കെട്ടു വിസ്മയിച്ചും പ്രസാദിച്ചും കൊണ്ടു പറഞ്ഞിതു. മമ ശിഷ്യ! ൟ കാൎയ്യത്തിൽ നീ എന്റെ സഹൊദരൻ തന്നെ. ഭൂമിയിലുള്ള മനുഷ്യർ ഇപ്രകാരം തങ്ങളിൽ വാഴുന്ന ദൊഷം ദുശ്ശീലം മുതലായ അധമ കൎമ്മങ്ങളെ വെരുത്തു ജയിപ്പാനും, ദൈവത്തിന്റെ ഇഷ്ടം അറിഞ്ഞു ചെയ്വാനും, ഉത്സാഹിക്കുന്നു എങ്കിൽ ൟ ഭൂമിയിൽ പിശാചിന്റെ വാഴ്ച അന്തരിച്ചു നീതിയും, സത്യവും നിറഞ്ഞിരിക്കുന്ന ദൈവരാജ്യം ഉളവാകും. പൊർ കൂടാതെ ജയവുമില്ല.

### നടപ്പു ദീനത്തിന്നായി ഉപകാരമുള്ള
### ഔഷധക്രമം.

| | | |
|---|---|---|
| ചുക്ക | കഴഞ്ചു | ൩ |
| കറയാമ്പു | „ | ൩ |
| ഇലവങ്ങത്തൊൽ | „ | ൩ |
| ജാതിക്ക | „ | ൩ |
| ഗാന്ധാരിമുളക. അല്ലെങ്കിൽ കപ്പൽ മുളക | „ | ൩ |

ൟ പറഞ്ഞ അഞ്ചു വിധം മരുന്നുകളെ നന്നായി ചതച്ചു ചെൎത്തു, ഒരു കുപ്പി നല്ല ബ്രാണ്ടിയിൽ പൊതിൎത്തു വെച്ചു, അരമണിക്കൂറവരെ നന്നായി കുലുക്കിയ ശെഷം ഊറുവാൻ വെക്കെണം പന്ത്രണ്ടു മണിനെരം കഴിഞ്ഞാൽ, ഉപയൊഗത്തിന്നു തക്കതായ്തീരും

### ഉപയൊഗ ക്രമം.

ഒരാൾക്കു നടപ്പുദീനം തുടങ്ങിയുടനെ രണ്ടു ഉദ്ധരണി (കരണ്ടി) മെൽ പറഞ്ഞ യൊഗത്തിൽ നിന്നു എടുത്തു അരസെർ ചൂടു വെള്ളത്തിൽ ചെൎത്തു സഹിപ്പാൻ

കഴിയുന്ന ചൂടോടെ സെവിക്കെണം. ഒരു മണിക്കൂറ കഴിഞ്ഞിട്ടു ഭെദം ഇല്ല, എന്നു കണ്ടാൽ പിന്നെയും മുൻ പറഞ്ഞ പ്രകാരം ഒരിക്കലും കൂടെ കൊടുക്കാം എങ്കിലും അതു മിക്കവാറും വെണ്ടി വരുന്നില്ല. കൈകാൽ വലിച്ചൽ മാറുവാനും, രക്തം വൎദ്ധിപ്പിപ്പാനും, വിയൎപ്പു വരുത്തുവാനും, രൊഗിയെ കിടക്കയിൽ കിടത്തി, കരിമ്പടം കൊണ്ടു നല്ലവണ്ണം മൂടെണ്ടതാകുന്നു.

കുടിപ്പാനായി ഒരു സെർ അരി എഴ നാഴി വെള്ളത്തിൽ നല്ലവണ്ണം വെവിച്ചു, ആ വെള്ളത്തെ ചൂടാക്കിട്ടു രൊഗിക്കു കൂടക്കൂട കുടിപ്പിക്കെണം.

ഈ മെൽ പറഞ്ഞ മരുന്നു ഒരൊരുത്തരും മുമ്പിൽ കൂട്ടി ഒരുക്കി സൂക്ഷിച്ചു വെച്ചാൽ ദീന സമയങ്ങളിൽ ഉപകാരമാകും.

## THE CIVIL WAR IN NORTH AMERICA.

വടക്ക അമെരിക്കയിൽ നടന്ന പൊർ വിവരം.

വടക്ക അമെരിക്ക എന്നതെന്തു, എന്നു അറിവാൻ താല്പൎയ്യമുള്ളവൎക്ക ചുരുക്കത്തിൽ പറയാം.

നാം പാൎത്തു വരുന്ന ഈ ഭൂഗൊളത്തിൽ ആസ്യ, അമെരിക്ക, അപ്രിക്ക, യുരൊപ്പ, ഒഷെയാന്യ, എന്നീ അഞ്ചു പ്രധാന ഭൂഖണ്ഡങ്ങൾ ഉള്ളതിൽ മലയാളം ആസ്യാഖണ്ഡത്തിൽ പെട്ട ഹിന്തുസ്ഥാനത്തിന്റെ ഒരു ചെറിയ പങ്കത്രെ. നമ്മിൽനിന്നു വടക്ക പടിഞ്ഞാറൊട്ടു യുരൊപ്പയും, നെരെ പടിഞ്ഞാറൊട്ടു അപ്രിക്കാ ഖണ്ഡവും, പിന്നെ ആ രണ്ടു ഖണ്ഡങ്ങളുടെ പടിഞ്ഞാറ, അതലന്തിക (Atlantic Ocean) കടൽ കടന്നിട്ടു, അമെരിക്കാ ഖണ്ഡവും കിടക്കുന്നു.

ഈ അമെരിക്കാഖണ്ഡത്തിന്നു തെക്കൻഅമെരിക്ക വടക്കെഅമെരിക്ക എന്നു രണ്ടു വലിയ പകുപ്പുകളുണ്ടു. വടക്കഅമെരിക്കക്കു പിന്നെയും കീഴ്പകുപ്പായിട്ടു, വടക്കെ തല നിന്നു തെക്കൊട്ടു പൊയാൽ, രുസ്സീയ അമെരിക്ക (Russian America) ബ്രിത്തീയ അമെരിക്ക (British America) ഐക്യസംരാജ്യം (United States) മെക്ഷിക്കൊ (Mexico) എന്ന രാജ്യങ്ങളും കാണുന്നു.

ഐക്യസംരാജ്യം എറക്കുറയ 2½ വട്ടം ഹിന്തുസ്ഥാനത്തിലും, 530 പ്രാവശ്യം മലയാള ജില്ലയിലും വലിയതു. ഇത്ര പരപ്പെറുന്ന രാജ്യത്തിൽ എകദെശം 4,00,00,000 ആൾ മാത്രം പാൎക്കുന്നെങ്കിലും, കൊല്ലന്തൊറും യുരൊപ്പയിൽനിന്നു അവിടെക്കു കുടിയെറുവാൻ അനെകർ പൊക കൊണ്ടു, ആൾത്തുക വെഗം പെരുകികൊണ്ടിരിക്കുന്നു. ആ നാട്ടിലെ മുഖ്യ നിവാസികൾ യുരൊപ്പ,(വിലാത്തി,)യിൽനിന്നു വന്നവിലാത്തിക്കാരും, അപ്രിക്കാവിൽനിന്നു കൊണ്ടു വന്ന കാപ്പിരികളും തന്നെ. സ്വദെശക്കാരായ ഇന്ത്യാനരും അല്പമെയുള്ളു. അവർ എറിയ ഭാഷകളെയും ഉപ ഭാഷകളെയും (dialects) സംസാരിക്കുന്നു. 50,00,000 കാപ്പിരികളിൽ മൂന്നിൽ രണ്ടംശം അടിമകളാകുന്നു.

ഈ ഐക്യ സംരാജ്യത്തിന്നു രാജാവില്ല. രാജ്യത്തിന്നു എകദെശം 40 കൂറുകളും, ഓരൊ കൂറിന്നു, (നാട്ടിന്നു,) ഓരൊ മൂപ്പനും ആലൊചന സഭയും ഉണ്ടു. മലയാളത്തി

ൽ ബ്രാഹ്മണർ പണ്ടെ കെരളവാഴ്ചയെ നടത്തുവാൻ മൂന്നൊ പന്ത്രണ്ടൊ കൊല്ല ത്തെക്കു ഒരു രക്ഷാപുരുഷനെ തെരിഞ്ഞെടുത്തതു പൊലെ, 40 നാട്ടിലെ ജനങ്ങൾ നന്നാലു ആണ്ടു കഴിഞ്ഞാൽ, ഒരു രക്ഷാ പുരുഷനെ വൎഷിക്കുന്നു (President Washington) പട്ടണത്തിൽ വാഴിക്കും; രക്ഷാ പുരുഷനും ഒരാലൊചന സഭയും നാട്ടു ദൂതന്മാരും കാൎയ്യാദികളെ നടത്തും.

എന്നാൽ ചില കൊല്ലമായി രാജ്യത്തിന്റെ തെക്കെ നാട്ടുകളിൽ കാപ്പിരികളായ അടിമകളെ കൊണ്ടു പരുത്തി, കരിമ്പു, കാപ്പി, മുതലായ കൃഷികളെ നടത്തുന്ന കുടിയാന്മാൎക്കും, അടിമകളെ എല്ലാം വിട്ടുതലാക്കെണം എന്ന പക്ഷം നടത്തുന്ന വടക്കൎക്കും നല്ല പൊരുതിയില്ലാത്തതു. തെക്കർ പിന്നെയും പിന്നെയും വടക്കരൊട്ടു ന്യായത്തിൽ തൊറു, അടിമകളെ വിട്ടുവാൻ മനസ്സില്ലാഞ്ഞ ശെഷം, കൌശല ബലാല്ക്കാരങ്ങളാൽ അവരിൽ നിന്നു പിരിഞ്ഞു പൊകെണം എന്നു കരുതി കൊണ്ടു, ൧൮൬൧ാം കൊല്ലത്തിൽ വടക്കർ ഒന്നും വിചാരിയാത്ത സമയത്തു തെക്കെ നാട്ടുകളിലെ കൊട്ട ആയുധശാല പടപൊക്കപ്പലുകളെ കൈക്കലാക്കി, തുമ്പു അറുത്തു, സ്വന്ത രാജ്യം ഉണ്ടാക്കി, പൊരുത്തുക്കാർ എന്ന പെർ തങ്ങൾക്കു ഇട്ടു, റിച്ചു മൊന്ത (Richmond) പട്ടണത്തിൽ തങ്ങൾക്കായി ഒരു രക്ഷാ പുരുഷനെ വാഴിച്ചു, വടക്കരൊട്ടു പട വെട്ടുവാൻ ഒരുമ്പെട്ടു. അന്നു വടക്കൎക്കു ഉടമ്പടിക്കാരും (Federals) തെക്കൎക്കു പൊരുത്തുക്കാരും (Confederates) എന്നു പെരുകളുവായതു. ഉടമ്പടിക്കാരുടെ രക്ഷാ പുരുഷനായ അബ്രഹാം ലിങ്കലൻ (Abraham Lincoln) വൎഷിക്കുന്നിലും, പൊരുത്തുക്കാരുടെ രക്ഷാ പുരുഷനായ ജെഫൎസ്സൻ ദെവിസ്സ (Jefferson Davis) റിച്ചു മൊന്തിലും വാണു.

൧൮൬൧ാമതിൽ ഇരുവകക്കാരുടെ നില്പു എങ്ങിനെ എന്നാൽ: ഉടമ്പടിക്കാരുടെ പക്ഷത്തിൽ ഭൂമി, ആൾ, പണം, മുതലായതു ഏറിയതു; പൊരുത്തുക്കാരുടെ പക്ഷത്തിൽ അടിമകൾ ഉള്ള നാടെല്ലാം ചെരുക കൊണ്ടു, ൬൦,൦൦,൦൦൦ വെള്ളക്കാർ മാത്രം എങ്കിലും, പുഷ്ടിച്ച രാജ്യവും, ഏറിയ കൊട്ടകളും പൊക്കപ്പലുകളും, സമൎത്ഥതയുള്ള പടനായകന്മാരും, തന്റെടത്തിന്നു വീൎയ്യത്തൊടു പൊരാടുന്ന പടയാളികളും ഉണ്ടായതു.

൧൮൬൧-൧൮൬൫ാം കൊല്ലം വരെ ഉൾപൊർ ഇടവിടാതെ നടന്നു, തൊല്മ വെററികൾ മാറി മാറി കൊണ്ടു, നാലു വൎഷത്തിന്നകം ഉടമ്പടിക്കാൎക്കു ൮,൧൯,൫൧൯ ആളും, പൊരുത്തുക്കാൎക്കു ൫,൨൮,൮൫൫ ആളും യുദ്ധ ദീനങ്ങളാലും നഷ്ടമായി പൊയതു വിചാരിച്ചാൽ, പൊർ മുതിച്ചു അല്പം ഇളെച്ചു പൊകാത്തതു ആശ്ചൎയ്യം അത്രെ. അതു വെണ്ട, തെക്കരുടെ നില്പു നൊക്കിയാൽ സങ്കടം തന്നെ. വടക്കർ അവരുടെ നാട്ടിൽ കടന്നു, അവരെ അനുസരിപ്പിപ്പാൻ വെണ്ടി പട വെട്ടിയതിനാൽ, കൃഷി കൈത്തൊഴിലുകൾ മുടങ്ങി പൊകയും, ഉള്ള തീൻ പണ്ടങ്ങളെ മിത്ര ശത്രുക്കൾ ചെലവഴിച്ചതിനാൽ, പഞ്ചം പലദിക്കുകളിൽ വാഴുകയും, ഏറിയവർ തൊക്കെട്ടുക്കെണ്ടി വന്നതു കൊണ്ടു വീട്ടിലുള്ളവൎക്കു കഴിച്ചൽ കുറഞ്ഞു വരികയും ചെയ്തു. ഉടമ്പടിക്കാരുടെ പൊർകപ്പൽ അവരുടെ എല്ലാ തുറമുഖങ്ങളെ അടെച്ചു വെച്ചു, ചരക്കുകളെ ഇറക്കാത്താക്കുകയും, കാവൽ കൂട്ടാക്കാതെ പുറപ്പെട്ട കച്ചവടകപ്പലുകളിൽ നിന്നു ആയിരത്തിൽ പരം പിടിച്ചു, ആഴ്ത്തി കളകയും ചെയ്തതിനാൽ, ചൊല്ലുററ നഷ്ടം നെ

രിട്ടു. ഇപ്രകാരം പല സംഗതികളാൽ വരാഴിക കുറഞ്ഞു, മുട്ടും ദാരിദ്ര്യവും പരന്നു. ഈ യുദ്ധം തൊട്ടു ഹിന്തുസ്ഥാനത്തിൽ പരുത്തികൃഷി ഏറുകയും, പരുത്തിയുടെയും തുണിചരക്കിന്റെയും വില നന്ന പൊന്തി പൊകയും ചെയ്തു.

ഉടമ്പടിക്കാരുടെ നാട്ടിൽ ആദിയിൽ ഏറ അല്ലൽ ഇല്ലെങ്കിലും, ക്രമത്താലെ സങ്കടം വൎദ്ധിച്ചു. മുമ്പെ ഒരൊ പണി നടത്തിയ ൨ ലക്ഷം പുരുഷന്മാർ പട്ടു പൊയതിനാൽ, പല പണിക്കു ആൾ പൊരാതെ വന്നു. അതിഭാരമായ നികുതി കല്പിച്ചതുമല്ലാതെ, ഉടമ്പടിക്കാർ ഏതു പുരുഷനെ കൊണ്ടും കഴിയുന്നെടത്തൊളം തൊക്കു എടുപ്പിക്കും. പട്ടാളത്തിൽ പുതിയ ആൾ ചെൎക്കെണം എന്ന കല്പന ആകുന്തൊറും ഏറിയ വിലാത്തിക്കാർ മുതലിൽ നഷ്ടപ്പെട്ടിട്ടും സംസാരത്തൊടും കൂട വിലാത്തിക്കു മടങ്ങി പൊയി; പല പല യൌവനക്കാർ ഗ്രാമനഗരങ്ങളിൽനിന്നു ഒളിച്ചു പൊയ്ക്കളകയും പിന്നെ സൎക്കാരാളുകൾ ഗൃഹസ്ഥന്മാരെ കൊണ്ടു വളരെ പണം കൊടുപ്പിച്ചിട്ടെ, അവരെ ഒഴിപ്പിച്ചു; ചെവകപ്രായരായ യൌവനക്കാരെ കണ്ടാലൊ ൨൦൦൦-൩൦൦൦ ഉറുപ്പിക കൊടുത്തിട്ടു ഒരു വതിലാളനെ ആക്കെണം, അല്ല തെററു കൂടാതെ പട്ടാളത്തിൽ പൊകെണം. ഉടമ്പടിക്കാരുടെ കച്ചവടം തടവു കൂടാതെ നടന്നു എങ്കിലും, പൊരുത്തുക്കാരുടെ പൊൎക്കപ്പൽ ഹിന്തുസ്ഥാനം ചീനം മുതലായ രാജ്യങ്ങളൊളം ഉടമ്പടിക്കാരുടെ കച്ചവടക്കപ്പലുകളെ തെടി, കാണുമ്പൊൾ കണക്കിൽ ആക്കിക്കളയും.

യുരൊപ്പയിലെ രാജാക്കന്മാർ ഈ രണ്ടു കക്ഷിക്കാർ തങ്ങളുടെ അന്യായം രാശിയാക്കെണം എന്നു ആഗ്രഹിച്ചിട്ടും, പൊരിൻ തീപ്പൊരികൾ തങ്ങളുടെ നാട്ടിൽ തെറിച്ചു, പൊതുവായ യുദ്ധം വരരുതു എന്നു വെച്ചു, ആൎക്കും പിന്തുണയെങ്കിലും തടവെങ്കിലും ആയി നിന്നിട്ടില്ല. ഉടമ്പടിക്കാർ വലിയതും വക ഏറുന്നതുമായ പക്ഷം ആകയാൽ, പൊരുത്തുക്കാരെ ഞെരിച്ചു കളയാം എന്നും, പൊരുത്തുക്കാർ സമൎത്ഥത പൊറുമ പിടിത്തം കരുത്തു ഇവററാൽ അമരാതെ, ഒടുക്കത്തിൽ ജയവും തന്റേടവും സമ്പാദിക്കാം എന്നു വിചാരിച്ചു, കീഴക്കടെയുള്ള തട്ടുകെട്ടു നാശങ്ങളെ കൂട്ടാക്കാതെ വാശി പിടിച്ചു, കഴിഞ്ഞ (൧൮൬൪) കൊല്ലത്തിലും പൊരിന്നു മുതിൎന്നിരുന്നു. അന്നു ഉടമ്പടിക്കാരുടെ കാൎയ്യം ശൊഭിപ്പാൻ തുടങ്ങി. പൊരുത്തുക്കാർ മുഖ്യ സൈന്യബലങ്ങളെ റിച്ചുമൊന്തു പെതൎസ്സബുൎഗ്ഗ് (Petersburg) എന്നീ പട്ടണങ്ങളിൽ ചെൎത്തിട്ടു, അവിടെ നിന്നു അടുത്ത വഷിങ്കതൻ രാജധാനിയെ കൈക്കലാക്കുവാൻ ഭാവിച്ചു. ഉടമ്പടിക്കാർ കിഴക്കും തെക്കും കടൽവഴിയായും, വടക്കും പടിഞ്ഞാറും കരവഴിയായും പൊരുത്തുക്കാരെ വലെച്ചു കുഴെപ്പിപ്പാൻ ശ്രമിച്ചു.

൧൮൬൪ാം കൊല്ലം ൨൧ാം ദിസെമ്പ്രമാസം ഉടമ്പടിക്കാർ സവന്ന പട്ടണത്തെയും (Savannah in Georgia) ൧൫ം പീരങ്കിതൊക്കും പൊൎക്കൊപ്പും ൩൦,൦൦൦ കെട്ടു പരുത്തിയും പിടിച്ചു എങ്കിലും, വിൽമിങ്കതൻ (Wilmington) പട്ടണത്തിന്റെ മുമ്പാകെ തൊററു പൊകയും, ൧൦൦ റാത്തൽ ഉള്ള ഉണ്ടകളെ എറിയുന്ന പീരങ്കികപ്പത്തൊക്കു പൊട്ടി തെറിച്ചതിനാൽ, തങ്ങൾക്കു ഒരൊ നഷ്ടം നെരിടുകയും ചെയ്തു.

ജനവരി മാസം ൧൩-൧൫ നു ഉടമ്പടിക്കാർ പൊരുത്തുക്കാരുടെ കൈയ്യിൽനിന്നു ഫിഷർ (Fisher) എന്ന ബലത്ത കൊട്ടയെ പിടുങ്ങുവാൻ പ്രയാസപ്പെട്ടു. ആ കൊട്ട ഫീർ പുഴയുടെ (Fear River) അഴിമുഖത്തടുത്ത മുനമ്പിൽ കെട്ടി കിടക്കുന്നു. ഉടമ്പടിക്കാർ കടലിൽനിന്നു ഇരിമ്പുചുറ പൊൎക്കപ്പലുകളെയും (Iron-clads) മരപ്പൊ

ക്കപ്പലുകളെയും കൊണ്ടു ൨൫,൦൦൦ ചട്ടിപീരങ്കി ഉണ്ടകളെ ചില മണിക്കൂർ അകം അതിലെക്കെറിഞ്ഞു കളഞ്ഞ ശെഷം, മുനമ്പിൻ പുറത്തു ഒളിച്ച കാലാളുകൾ സിംഹധൈൎയ്യം കാട്ടി, കൊട്ടയെ കയറി പിടിച്ചു; പൊരുത്തുക്കാർ മുറം ശൌൎയ്യത്തൊടെ എതിൎത്തതിനാൽ ൧൫ കിടങ്ങും കൊത്തളങ്ങളും ആളും കൈക്കലാക്കുവാൻ എറിയ അദ്ധ്വാനം വെണ്ടി വന്നു.

ജനവരി ൨൪ാം൹. പൊരുത്തുകാർ അച്ചണ്ണും ജെംസ്സ പുഴ (James River) വക്കത്തു സിതി പൊയിന്തു (City Point) കൊത്തളങ്ങളെ ഉടമ്പടിക്കാരൊടു പിടിക്കെണ്ടതിന്നു ഇരിമ്പുച്ചുറ കപ്പലുകളെ അയച്ചിട്ടും, അവ ഉറച്ചു, അടുക്കുവാൻ കഴിയാത്തതിനാൽ, ശത്രു നന്നായി സൂക്ഷിക്കാത്ത കൊട്ടയെ കിട്ടിയതും ഇല്ല.

ഫിബ്രുവരിയിൽ ൩ാം ൹ ചില പൊരുത്തുക്കാർ രക്ഷാപുരുഷനായ ലിങ്കൊലൻ സായ്പിനെ ചെന്നു കണ്ടു, സമാധാനന്യായങ്ങളെ ചൊദിച്ചിട്ടു തമ്മിൽ ഒത്തതുമില്ല.

ആ സമയത്തു ഉടമ്പടിക്കാർ തങ്ങൾ പിടിച്ച നാടുകളിൽ ഉണ്ടായ അടിമകൾക്കു വിടുതല വെണം എന്നു തീൎമ്മാനിച്ചിരിക്കുന്നു.

ഉടമ്പടിക്കാരുടെ പടനായകനായ ശൎമ്മൻ (Sherman) (വടക്കുനിന്നു തെക്കൊട്ടു പൊയിട്ടു) ബ്രൈഞ്ചവിൽ (Branchville) കൊലുമ്പിയ (Columbia) എന്ന പട്ടണങ്ങളെ പിടിച്ചു, ചാൎല്സ്സനൊടു അടുത്ത ശെഷം, പൊരുത്തുക്കാർ ഫിബ്രുവരിയിൽ ൧൮ാം൹ ചാൎല്സ്സൻ (Charleston) പട്ടണത്തിന്നു തീയിട്ടു, ൨൦൦ പീരങ്കിതൊക്കുകളുടെ വെടിത്തുള അടച്ചു, എറിയ നാശം ഉണ്ടാക്കിയാറെ, കൊട്ടയെ രാത്രി സമയം ഒഴിച്ചു, പൊയ്ക്കളഞ്ഞു. പിറെറന്നാൾ ഉടമ്പടിക്കാർ കത്തുന്ന പട്ടണം കടന്നു.

ഫിബ്രു ൧൯ാം൹ ഉടമ്പടിക്കാർ കരകടൽ വഴിയായി വിൽമിങ്തൻ (Wilmington) പട്ടണത്തൊടു പട വെട്ടി പിടിച്ചു, എറിയ പരുത്തി പുകയില മുതലായ ചരക്കുകളെ കൈക്കലാക്കി.

ഇങ്ങിനെ പൊരുത്തുക്കാരുടെ രാജധാനിയുടെ (രിച്ചമൊന്ത) തെക്കുള്ള കരപ്രദെശങ്ങളും കൊട്ടകളും ഒന്നൊടൊന്നു ഉടമ്പടിക്കാരുടെ കൈയ്യിൽ ആയതും, കഠൊരമായി അവരുടെ ശാസന നടന്നതുമല്ലാതെ, ഉടമ്പടിക്കാരുടെ പടനായകനായ ഗ്രാന്ത (Grant) സായ്പിന്റെ കീഴിലുള്ള സൈന്യം രിച്ചമൊന്തിന്നടുത്ത പെതർസ്സബുൎഗ്ഗിൽ (Petersburg) പൊരുത്തുക്കാരുടെ പടനായകനായ ലീ (Lee) സായ്പിന്റെ പട്ടാളത്തിന്നു വളരെ തൊന്തരവും കൊടുക്കയും, പടിഞ്ഞാററൻ കൂറിൽ പടനാകനായ ശെരിദാൻ (Sheridan) സായ്പു നിരത്തു വഴികളെയും ഇരിമ്പു പാതകളെയും പിടിച്ചതുകൊണ്ടു, തീൻ പണ്ടങ്ങൾക്കു മുട്ടു വരുത്തുകയും ചെയ്തു. ജനരാൾ ലീ (പൊ:) തനിക്കു അടുത്തു നില്ക്കുന്ന ജനരാൾ ഗ്രാന്തിന്റെ (ഉട:) സഹായത്തിന്നായി പടിഞ്ഞാറു നിന്നു വരുന്ന ജനരാൾ ശൎമ്മനെ മടക്കുവാൻ വെണ്ടി പട്ടാളങ്ങളെ അയച്ചപ്പൊൾ, വഴിക്കൽ താമസിപ്പിച്ചു ഓരൊ ചെതം വരുത്തിയെങ്കിലും, ശൎമ്മൻ തടവു കൂട്ടാക്കാതെ ൪൦,൦൦൦ പടയാളികളുമായി ഗ്രാന്ത സായ്പൊടു അടുത്തു. എന്നതു ജനരാൾ ലീ സായ്പു കണ്ടപ്പൊൾ, തന്നെ ഒടുക്കുവാൻ വെണ്ടി തഞ്ചം നൊക്കി, പെതർസ്സബുൎഗ്ഗിന്നടുക്കെ കാത്തു നില്ക്കുന്ന ഗ്രാന്തിനെ ആട്ടുവാൻ പുറപ്പെട്ടു, മാൎച്ച 25ാം൹ 2 ചെറിയ കൊട്ടകളെ കയറി പിടിച്ചിട്ടും, അന്നു തന്നെ ഒഴിച്ചു പട തിരിക്കെണ്ടി വന്നതു കൂടാതെ, പടനായകനായ ഗ്രാന്ത ലീ സായ്പിനെ ആട്ടി, കിടങ്ങു കൊണ്ടു ഉറ

പ്പിച്ച ചില പാളയങ്ങളെ അവരുടെ പട്ടാളങ്ങളിൽ നിന്നു പിടുങ്ങി, ശത്രുവെ തളൎത്തേണ്ടതിന്നു തന്റെ പടകളെ രിച്ചമൊന്തൊളം നിരത്തി വെച്ചു.

മാൎച്ച 31ാംനു- പടനായകനായ ഗ്രാന്ത സായ്വിന്റെ സൈന്യത്തിൽ നിന്നു ചില പട്ടാളങ്ങൾ ചൊൎത്തചിററാറെ കടക്കുന്നതിന്നിടയിൽ ജനരാൾ ലീ തന്റെ ആൾക്കാരെ കൊണ്ടു അവരെ മെരിട്ടി തിക്കിത്തിരക്കാക്കി കൊന്നും പിടിച്ചും പായിപ്പിച്ചാറെ, പടനായകനായ ഗ്രാന്ത സായ്വിനെ ചെരുവാൻ വരുന്ന ശെരിദൻ ജനരാൾ (ഉട:) സായ്വിന്റെ സൈന്യത്തെ കാററു മരം തകൎക്കുമ്പൊലെ ഞെരുക്കി, പാററി മടക്കുകയും ചെയ്തു. തൊററ ഇരു പടകൾക്കു തുണക്കാർ ഉണ്ടാകകൊണ്ടു രാവീഴമ്മുമ്പെ മുമ്പിൽ കൂട്ടി നിശ്ചയിച്ച പ്രകാരം ഗ്രാന്തു, ശെരിദൻ സായ്വമാർ തങ്ങളുടെ പട്ടാളങ്ങളെ അവിടവിടെ നിരത്തി ഉറപ്പിച്ചു വെച്ചു.

എപ്രിൽ ൧ാംനു- പടനായകനായ ശെരിദൻ സായ്വ പൊരുത്തുക്കാരുടെ അണിയുടെ ഒരു തലയെ എതിൎത്തു, കൊത്തളത്തിൽ നിന്നു ഓടിച്ചു ഇറുക്കമായി പിന്തുടൎന്നു വന്നിട്ടും, നട്ടപട ഉറുതിപ്പെട്ടതു കൊണ്ടു, അന്നെത്ത കാൎയ്യം തീൎന്നു. പിറെറ ദിവസത്തിലൊ (എപ്ര. ൨ാംനു-) പടനായകനായ ഗ്രാന്ത ൨൦ മൈൽ നീളമുള്ള തന്റെ പടയണിയെ എതിരെ നില്ക്കുന്ന പൊരുത്തുക്കാരുടെ അണിക്കു വിരൊധമായി ഇളക്കി. പൊരുത്തുക്കാരുടെ ഓരൊ കൊത്തളങ്ങളിലെ പീരങ്കികളിൽ നിന്നും അതിഭയങ്കരമാം വണ്ണം ചിമ്മാനത്തിന്നൊത്ത ഉണ്ടമഴ വൎഷിച്ചു വന്നിട്ടും, കൊട്ടകളുടെ ഇടയിൽ നിരത്തിയ പട്ടാളക്കാർ ചുവർ പൊലെ ഉറച്ചു നിന്നിട്ടും, ഉടമ്പടിക്കാർ മദിച്ച ആന കൂട്ടം എല്ലാം ഞെരിച്ചു ചവിട്ടിക്കളയും പ്രകാരം അണിയെ രണ്ടു തലക്കൽ പൊട്ടിച്ചു, ശത്രുവിന്റെ അണിയിൽ കൂടി തുടരുന്ന പ്രകാരം ചാടി, കൊത്തളങ്ങളെ പിടുങ്ങി, ശത്രു പട താറുമാറാക്കിക്കളഞ്ഞു. ആ ദിവസത്തിൽ ജനരാൾ ശെരിദൻ പെതർസ്സബെൎഗ്ഗിലെക്കു പൊയതു, അവിടെയുള്ള പൊരുത്തുക്കാർ തടുക്കെണ്ടതിന്നു തന്നെ.

പൊരുത്തുക്കാരുടെ സൈന്യം ൭൫,000ത്തിൽ ആൾ ഏറിയതെങ്കിലും, ൨൫,000 പൊരിൽ പട്ടതും ൨൫,000 വിലങ്ങിൽ ആയും പൊയതു കൊണ്ടു, ൨൫,000 ആൾ മാത്രം ശെഷിച്ചു എന്നും, ൩ം വലിയ തൊൽവിയാൽ പെതർസ്സബെൎഗ്ഗ, രിച്ചമൊന്ത എന്ന പട്ടണങ്ങളെ രക്ഷിച്ചു കൂട എന്നും പടനായകനായ ലീ (പൊ:) സായ്വ കണ്ടിട്ടു, മിഞ്ചിയ പടയുമായി രിച്ചമൊന്തിൽ നിന്നു ഓടി പൊകെണം എന്നു തീൎമ്മാനിച്ചാറെ, രിച്ചമൊന്തിലെ മൂപ്പന്മാരെ കൊണ്ടു വീട്ടു ഒഴിയാതെ ബീർ, വീഞ്ഞു, ബ്രാണ്ടി, മുതലായ മദ്യങ്ങളുള്ള വീപ്പപെട്ടി കുപ്പികളെ തെരു വീഥികളിൽ ചാടിച്ചു, പൊട്ടിച്ചു, തകൎപ്പിച്ചും കൊണ്ടു, ഓകുകളിൽ ഒലിക്കുന്ന മദ്യത്തിന്റെ ചൂടിനാൽ കാററു മണപ്പിച്ചു കളഞ്ഞു. അന്നു രാത്രി തന്നെ ജനരാൾ ലീ സായ്വ ൯൦൦ററിൽ അധികം മാളികവീടുകൾക്കും എല്ലാ പാലങ്ങൾക്കും കപ്പലുകൾക്കും തീ കൊടുപ്പിച്ചിട്ടു, പടകൾ നഗരം ഒഴിക്കുവാൻ തുടങ്ങി. തെരുവീഥികളിൽ മദ്യം ചാടി കണ്ടാറെ പടയാളികൾ വെറിയന്മാരാവൊളം കുടിച്ചു, ചട്ടവും മൎയ്യാദയും വിട്ടു, ചില്ലുകളെ തകൎത്തു, പീടികകളിൽ കയറി വിലയെറുന്ന മുതൽ കവൎന്നു നശിപ്പിക്കയും ചെയ്യുതും ഒഴികെ "ഉടമ്പടിക്കാർ" പട്ടണം കടന്നു വരുമല്ലൊ! അവരിൽ ഏറിയവർ നശിക്ക

ട്ടെ! എന്നു വെച്ചു കൊട്ടയുടെ വാതുക്കലും വഴിയിലും കുന്തൽ *(torpedo) എന്നൊരു വക മരുന്നുത്തിര ഇട്ടെച്ചു. എന്നാൽ പടനായകനായ വൈതസൽ (Weitzel) സായ്വിന്നു ഒറവുണ്ടാകകൊണ്ടു, കടുമ്പകലത്തെ അതി സൂക്ഷ്മത്തൊടു രിച്ചുമൊന്തൊടടുത്തു, (എപ്രിൽ 3ാം൹) അഴകാൎന്ന ഏറിയ മാളിക വീടുകൾ പാളിക്കത്തി, തീത്തുകി എരിച്ചു, ചുവരുകൾ ഏങ്ങി വീണു മുഴങ്ങിയും, പൌരന്മാർ സന്തൊഷത്തിരക്കിൽ ആൎത്തു വിളിച്ചും പാഞ്ഞും വീണും കൊണ്ടു, പടയാളികൾ ആൎപ്പൊടും പടക്കൊട്ടൊടും പട്ടണം കടന്നു, കലക്കം അമൎത്തി ക്രമപ്പെടുത്തുകയും ചെയ്തു.

രക്ഷാപുരുഷനായ ലിങ്കൊലൻ കൂടെ ദ്രൊഹിച്ചു പൊയവരുടെ നഗരം കാണ്മാൻ വന്നിരുന്നു.

അന്നു തന്നെ (എപ്രിൽ 3ാം൹) പുലരുമ്പൊൾ പെതൎസ്സബുൎഗ്ഗിലും ഉടമ്പടിക്കാരുടെ പട്ടാളങ്ങൾ ആൎപ്പൊടു കൂട കടന്നു. ജയശാലികളെ സല്ക്കരിപ്പാൻ വെണ്ടി എല്ലാ വീടുകളിൽ നിന്നു ഉറുമാൽ, തുപ്പട്ടി, സാലവാക, ആടകളെ കിടിക്കികളിൽ തൂക്കി വെക്കും, ഉണ്മയൊടെ സന്തൊഷത്തെ കാട്ടും; വിശെഷിച്ചും കാപ്പിരികളുടെ സന്തൊഷം പറവാൻ വാക്കു പൊരാ. അവർ കുനിഞ്ഞു തൊഴുതു തുള്ളിച്ചാടി, കുല്ലാവു, തലപ്പാവു, തൊപ്പികളെ ആകാശത്തു ചാടി, നിലവിളിക്കയും പാടുകയും, അവൎക്കുണ്ടായ വീണ്ടെടുപ്പിന്നായിക്കൊണ്ടു ദൈവത്തെ പുകഴ്ത്തുകയും ചെയ്യുതു.

ന്യൂയൊൎക്ക (New York) എന്ന വലിയ കച്ചവടനഗരത്തിൽ (600,000 ആൾ) ഠരം ജയവൎത്തമാനം കെട്ടപ്പൊൾ, ഏകദെശം 20,000 പെർ വലിയ അങ്ങാടിയിൽ കൂടി "എല്ലാ അനുഗ്രഹങ്ങളെ നല്കുന്ന ദൈവത്തെ വാഴ്ത്തുവിൻ" എന്ന ക്രിസ്തീയ പാട്ടു ഭക്തി സന്തൊഷങ്ങളൊടു ആൎത്തു പാടി.

ഇതെല്ലാം നടക്കുന്നതിന്റെ ഇടയിൽ സെനാപതിമാരായ ഗ്രാന്ത ശെരിദൻ മീദ (Mead) സായ്വമാരും രണ്ടു വഴിയായി ജനരാൾ ലീ സായ്വിനെ (പൊ:) പടയുമായി പിന്തുടൎന്നു. ശെരിദൻ മീദ പടനായകന്മാരും വഴിക്കൽ എപ്രിൽ 6ാം൹ ലീയൊടെതിൎത്തു, ഓട്ടപ്പട വെട്ടി, ഏറിയവരെ വിലങ്ങരാക്കി, 14 തൊക്കും 200 വണ്ടിയും പിടിച്ചു, പടയാളികളെ പായിപ്പിക്കയും, ജനരാൾ ഗ്രാന്ത സായിവും അവരുടെ വഴിയെ തടുത്തു വെക്കയും ചെയ്തു. "പട വെട്ടി വെറുതെ ചൊര ചിന്നിച്ചു കളയുന്നതെന്തിന്നു? ഞങ്ങൾ നിങ്ങളെ മൂല നാശം വരുത്തുവാൻ മതിയായ ആൾ ആകുന്നു, ആകയാൽ നിങ്ങളെയും പടയെയും ഏല്പിച്ചു കൊടുപ്പിൻ" എന്നു ഗ്രാന്ത സായ്വ കത്തെഴുതി ചൊദിച്ചാറെ, ജനരാൾ ലീ സായ്വ എപ്രിൽ 9ാം൹ തന്നെയും 22,000 ആധിപന്മാരെയും, നായകന്മാരെയും പടയാളികളെയും ഏല്പിച്ചു. ഇതിനാൽ അഞ്ചു സംവത്സരത്തിന്റെ യുദ്ധം അവസാനിച്ചു, സമാധാനത്തിന്നു ഒരു പുതിയ ആരംഭം ഉണ്ടാകകൊണ്ടു, രാജ്യത്തിൽ എങ്ങും വളരെ സന്തൊഷം ഉണ്ടായി.

ആ സന്തൊഷവെറിയുടെ ഇടയിൽ മഹാ സങ്കടവും കഷ്ടവുമുള്ള ഒരു കാൎയ്യം നടന്നു. എപ്രിൽ 14ാം൹ രക്ഷാപുരുഷനായ അബ്രഹാം ലിങ്കൊലൻ കഥക്കളി കാണെണ്ടതിന്നു വഷിംക്തൻ അരങ്ങിൽ ഇരിക്കുമ്പൊൾ, രാത്രി ൰ മണിക്കു വിഭ്രമം ഉള്ള ഒരു കഥക്കളിക്കാരൻ ജനരാൾ ഗ്രാന്ത സായ്വിന്റെ ദൂതൻ എന്നു പറഞ്ഞു

* കുന്തൽ മീൻ വെള്ളത്തിൽ എന്തു അതു ഠരം മരുന്നുത്തിര ചവിട്ടിയാലൊ തൊട്ടാലൊ പൊട്ടിത്തെറിച്ചു വളരെ പ്രാണനാശം വരുത്തും.

കൊണ്ടു, അവർ ഇരിക്കുന്ന സ്ഥലത്തൊളം പ്രവെശിച്ചു, അവരെ വെടി വെച്ചു, രക്ഷാപുരുഷൻ ചാകയും ചെയ്തു. അന്നു രാത്രി തന്നെ കഴിവുണ്ടായിരുന്നുവെങ്കിൽ, ഒന്നാം മന്ത്രിയെയും മറ്റും കൊല്ലുവാൻ മറ്റ ചിലർ ഭാവിച്ചിട്ടു സാധിച്ചില്ലാതാനും.

ഈ മഹാ നികൃഷ്ടക്രിയ നിമിത്തം യുരൊപ്പ മുഴുവനും അറെപ്പും പരിതാപവും കാണിച്ചതല്ലാതെ, ഇങ്ക്ലാന്ത മഹാരാണി വിക്തൊരിയ രാജ്ഞി അവർകൾ ലിങ്കൊലൻ മതാമ്മക്കു തിരുകൈയ്യാലെ പരിതാപകത്തെഴുതി അയക്കുകയും, ഒരൊ രാജാക്കന്മാർ തങ്ങളുടെ അയ്യൊഭാവത്തെ ജൊൻസ്ടൻ (Johnston) സായ്പു എന്ന പുതിയ രക്ഷാപുരുഷനൊടു അറിയിക്കയും ചെയ്തു.

രക്ഷാപുരുഷനെ ചതിയൊടെ കൊന്ന കഥക്കളിക്കാരനെ എപ്രിൽ, 26ാംനു- തന്റെ ക്രിയയുടെ പ്രതിഫലത്തിന്നായി പിടിക്കുവാൻ പൊകുന്ന പടയാളികളിൽ ഒരുത്തൻ വെടി വെച്ചു. അവന്റെ സഹായക്കാരിൽ ചിലരെ പിടിച്ചിരിക്കുന്നു.

പൊരുത്തുക്കാരുടെ രക്ഷാപുരുഷനായ ദെവീസ്സ സായിവും പടയും തെക്കെ കരൊലിനയിലെക്കു (South Carolina) ഓടി പൊയിട്ടു, ഉടമ്പടിക്കാരുടെ കുതിരയാളർ അവരെ പിന്തുടൎന്നു പിടിച്ചു, മെയി 19ാംനു- മൊന്രൊ (Monroe) കൊട്ടയിൽ തളെച്ചു വെച്ചിരിക്കുന്നു. അവർ ഒരു കൂട്ടുകെട്ടിന്നു തലവനാകയാൽ, ഉടമ്പടിക്കാരുടെ രക്ഷാപുരുഷൻ പട്ടു പൊയതു, എന്ന ചുമതല അന്ന്യായം എന്നു തെളിഞ്ഞു എങ്കിലും, രാജ്യദ്രൊഹം എന്ന സംഗതിക്കു ഇനി വിസ്താരം നടക്കും.

എന്നാൽ പൊരുത്തുക്കാരുടെ നാട്ടിൽ കൂടി ഉടമ്പടിക്കാരുടെ പടകൾ ചെന്നു, അവിടവിടയുള്ള പട്ടണകൊട്ട പടകളെയും കൈക്കലാക്കികൊണ്ടിരിക്കുന്നു. എല്ലാവിടങ്ങളിലും തികഞ്ഞ സമാധാനം ഇല്ലെങ്കിലും, കാലക്രമാൽ സ്വസ്ഥതയും നിൎഭയവും വൎദ്ധിക്കും.

ഉടമ്പടിക്കാരുടെ പടകൾ പിടിച്ച ഇടങ്ങളിൽ കൊള്ള ഇടാത്തതു പൊലെ ഈ വലിയ ജയം കൊണ്ടിട്ടും, സഹൊദരന്മാരായ തെക്കൎക്കു ശിക്ഷ കല്പിക്കയും, മുഖം കൊട്ടുകയും ചെയ്യാതെ, രക്ഷാപുരുഷൻ ഉയൎന്ന സൈന്യസ്ഥാനികൾക്കൊഴികെ എല്ലാവൎക്കും ക്ഷമയും, എങ്ങും സമാധാനവും അറിയിച്ചു. മുമ്പെ പൊർ അമളിയുള്ള നാട്ടുകളിൽ ഒരൊരുത്തർ നിലെച്ചു, മുമ്പെത്ത തൊഴിലുകളെയും മറ്റും പിന്നെയും എടുത്തു വരുന്നു. വടക്കർ തെക്കൎക്കു ഓരൊ സഹായം ചെയ്വാനും തുടങ്ങുന്നു. വിഗ്രഹങ്ങളെ കുമ്പിടുന്നവൎക്കു അങ്ങിനെ കാണിക്കാമൊ?

എന്നാൽ എത്ര മുറിവുകൾ കെട്ടുവാൻ ഉണ്ടു! എത്ര സ്ത്രീകൾ വിധവമാരും, കുട്ടികൾ അനാഥരും, വസ്തുവുള്ളവർ ഇരപ്പാളികളും, യജമാനന്മാർ വെലക്കാരും ആയി പൊയി! ഈ മുറിവുകൾ പൊറുക്കുമൊ? രാജ്യം ഒട്ടുക്കും യഥാസ്ഥാനമാക്കുവാൻ ഏറിയ കൊല്ലം വെണ്ടി വരും.

ദൈവം ആകട്ടെ ആ നാട്ടിൽ ന്ന്യായം വിസ്തരിച്ചു, ജനങ്ങളെയും രാജ്യത്തെയും ശിക്ഷിച്ചതു, നീതിഫലങ്ങൾ വരെണ്ടതിന്നത്രെ ആ ജാതി ദൈവത്തെ നൊക്കി നടന്നാൽ, മുമ്പെത്തതിൽ നന്നായി വരുവാൻ എളുപ്പം തന്നെ. പിന്നെ എല്ലാ മത്സരക്കാരെ ദൈവം അങ്ങിനെ തന്നെ ശിക്ഷിക്കും എന്നും ഗ്രഹിപ്പിൻ, ആകയാൽ ഏതു ദെഹിയും ശ്രെഷ്ഠാധികാരികൾക്കു കീഴടങ്ങുക. കാരണം ദൈവത്തിൽ നി

ന്നല്ലാതെ അധികാരം ഒന്നും ഇല്ല. ഉള്ള അധികാരങ്ങളൊ ദൈവത്താൽ നിയമിക്കപ്പെട്ടവ. ആകയാൽ അധികാരത്തൊടു മറുക്കുന്നവൻ ദൈവവ്യവസ്ഥയൊടു മറുക്കുന്നു. മറുക്കുന്നവരൊ തങ്ങൾക്കു തന്നെ ന്യായവിധിയെ പ്രാപിക്കും. പിന്നെ വാഴുന്നവർ സൽക്രീയെക്കല്ല ദുഷ്ക്രീയെക്കത്രെ ഭയമായിരിക്കുന്നു. അധികാരസ്ഥനെ ഭയപ്പെടാതിരിപ്പാൻ ഇഛ്ശിക്കുന്നുവൊ? നല്ലതിനെ ചെയ്ക, എന്നാൽ അവനൊടു പുകഴ്ച ലഭിക്കും; നിണക്കു നന്മെക്കായിട്ടല്ലൊ അവൻ ദൈവശുശ്രൂഷക്കാരനാകുന്നു. തീയതിനെ നീ ചെയ്കിലൊ ഭയപ്പെടുക, വെറുതെ അല്ലല്ലൊ അവൻ വാളെ വഹിക്കുന്നതു. ദൊഷം പ്രവൃത്തിക്കുന്നതിൽ കൊപം നടത്തിക്കുന്ന പ്രതികാരിയായി അവൻ ദൈവത്തിൻ ശുശ്രൂഷക്കാരനാകുന്നു സത്യം. എന്നതു കൊണ്ടു കൊപത്തെ അല്ല, മനസാക്ഷിയെയും വിചാരിച്ചത്രെ കീഴടങ്ങുക തന്നെ ആവശ്യമാകുന്നു. അതുകൊണ്ടത്രെ നിങ്ങൾ നികുതിയും കൊടുക്കുന്നു. അവർ ദെവസെവക്കുള്ളവരും, അതിൽ തന്നെ അഭിനിവെശിക്കുന്നവരും (ഉററ മനസ്സു വെച്ചവരും) ആകുന്നതിനാൽ തന്നെ; അതുകൊണ്ടു കടമായുള്ളതു എല്ലാവൎക്കും ഒപ്പിപ്പാൻ, നികുതി (മെടിക്കുന്നവന്നു) നികുതി, ചുങ്കം (മെടിക്കുന്നവന്നു) ചുങ്കം, ഭയം വെണ്ടുന്നവന്നു ഭയം, മാനം വെണ്ടുന്നവന്നു മാനം തന്നെ. (രൊമർ. ൧൩; ൧—൭.)

## ഇങ്ക്ലിഷ രാജകുഡുംബം.

മഹാബ്രീത്തെൻ ഐയൎല്ന്ത എന്ന സാമ്രാജ്യത്തിന്റെ രാജ്ഞിയായ അലക്സന്ത്രീനാ വിക്തൊരിയ ൧൮൧൯ൻ മെയി ൨൪ാംനു ജനിച്ചു. തന്റെ അമ്മാമനായ നാലാം വില്യം മഹാരാജാവിന്റെ ശെഷം ൧൮൩൭ ജൂൻ ൨൦ാംനു രാജ്യാധിപത്യം പ്രാപിച്ചു; ജൂൻ ൨൧ാംനു രാജ്ഞി എന്ന പ്രസിദ്ധമാക്കപ്പെട്ടു ൨൮ാംനു കിരീടം ധരിച്ചു. ൧൮൪൦ ഫിബ്രുവരി ൧൦ാംനു തന്റെ ദായാതിക്കാരനായിരിക്കയും ൧൮൬൧ ഡിസെംബർ ൧൪ാംനു അന്തരിക്കയും ചെയ്ത പ്രാൻസിസ അൽബെൎത്ത, ഔഗുസ്ത കരൽ, ഇമ്മാനുവെൽ എന്ന സഹസ പ്രഭുവിനെ വിവാഹം ചെയ്തു. ഇവരുടെ മക്കൾ.

൧. ൧൮൪൦ നൊവെംബർ ൨൧ാംനു വിക്തൊരിയ അദിലെദ മറിയ ലൂയിസാ എന്ന രാജപുത്രി ജനിക്കയും ൧൮൫൮ ജനുവരി ൨൫ാംനു ഫ്രിദരിക്ക വില്യം എന്ന പ്രൂശ്യ, ഇളിയ രാജാവിനെ വിവാഹം കഴിക്കയും ചെയ്തു.

൨. ൧൮൪൧ നൊവെംബർ ൯ാംനു കിരീടാവകാശിയായ അൽബെൎത്ത എദ്വൎത്ത എന്ന വെത്സിലെ പ്രഭു ജനിച്ചു, ൧൮൬൩ മാൎച്ച ൧൦ാംനു ദെനരാജപുത്രിയായ അലക്സന്ത്രയെ വിവാഹം ചെയ്തു.

൩. ൧൮൪൩ എപ്രീൽ ൨൫ാംനു അലിസ മൊഡ മറിയ എന്ന പുത്രി ജനിക്കയും ൧൮൬൨ ജൂലായി ൧ാംനു ഫ്രിദരിക്ക വില്യം ലുദവിഗ എന്ന ഹെസ്സെ ദൎമ്മസ്തത്ത പ്രഭുവെ വെളി കഴിക്കയും ചെയ്തു.

൪. ൧൮൪൪ ആഗുസ്ത ൬ാംനു. അല്ഫ്രെദ എൎന്നെസ്ത അൽബെൎത്ത എന്ന പുത്രൻ ജനിച്ചു.

൫. ൧൮൪൬ മെയി ൨൫ാംനു ഹെലെന ഔഗുസ്ത വിക്തൊരിയ എന്ന പുത്രി ജനിച്ചു.

൬. ൧൮൪൮ മാൎച്ച ൧൮ാംനു ലൂയിസ കരൊലിന അൽബെൎത്ത എന്ന പുത്രി ജനിച്ചു.

൭. ൧൮൫൦ മെയി ൧ാംനു അൎത്തുർ വില്യം പാത്രീക്ക അൽബെൎത്ത എന്ന പുത്രൻ ജനിച്ചു.

൮. ൧൮൫൩ എപ്രീൽ ൭ാംനു ലെയൊപ്പൊൽദ ജൊൎജ്ജ ഡങ്കൻ എന്ന പുത്രൻ ജനിച്ചു.

൯. ൧൮൫൭ എപ്രീൽ ൧൪ാംനു ബെയത്രിസ മറിയ വിക്തൊരി, ഫിയൊദൊര എന്ന പുത്രി ജനിച്ചു.

## മലയാളത്തിലെ മെല്ലുദ്യൊഗസ്ഥന്മാരുടെ

### പെർ വിവരം.

### Revenue Department. ൧ റവനിയൂ കാൎയ്യസ്ഥന്മാർ.

G. A. Ballard Esqr. ജി. ഇ. ബല്ലാൎഡ കലക്കട്ടരും മജിസ്ത്രെട്ടും.
J. E. Thomas Esqr. ജെ. എ. തൊമാസ സബ്ബകലക്കട്ടർ.
J. H. Garstin. Esqr. ജെ. എച്ച. ഗാർസ്റ്റൻ ഹെഡ അസി. കലക്കട്ടർ.
A. C. Burnell Esqr. എ. സി. ബൎണ്ണൽ അക്തിങ്ങ ഹെഡ അസിഷ്ടാണ്ട കലക്കട്ടർ.
W. Logan Esqr. വി. ലൊഗൻ.
J. Cameron Esqr. ജീ കെമറൻ.

### Deputy Collectors. ഡിപ്യൂതി കലക്കട്ടന്മാർ.

W. Bates Esqr. വി. ബെതസ.
W. J. Hewrtson Esqr.
സി. കണാരൻ.
H. Richardson Esqr. എച്ച. റിച്ചൎത്തസൻ.
S. U. Watson Esqr. സി. യ്യൂ. വതസൻ.

### താലൂക്കുകളുടെ വിവരം.

#### ചിറക്കൽ താലൂക്ക.

| സ്ഥാനം. | നാമം. | | ശമ്പളം. |
|---|---|---|---|
| തഹസ്സിൽദാർ | പി. കൃഷ്ണപട്ടർ | ഉറു. | ൧൫൦ |
| ശിരസ്തദാർ | രാമയ്യൻ | ,, | ൫൦ |
| ഒന്നാം ഗുമസ്തൻ | പെരുമാൾ പിള്ള | ,, | ൨൦ |
| ദെശാധികാരികൾ ൭൨ | ഒരൊരുത്തൎക്ക | ,, | ൫—൭ |

## കൊട്ടയം താലൂക്ക.

| സ്ഥാനം. | നാമം. | | ശമ്പളം. |
|---|---|---|---|
| തഹശ്ശില്‍ദാര്‍ | സി. കരുണാകരമെനൊന്‍. | ഉറു | ൭൫ |
| ശിരസ്തുദാര്‍ | കെശവകമ്മത്തി | „ | ൪൫ |
| ഒന്നാം ഗുമസ്തന്‍ | കെ. രങ്കന്‍പട്ടര്‍ | „ | ൨൦ |
| ദെശാധികാരികൾ ൨൮ | ഒരൊരുത്തക്കു | | ൫—൪ |

## കുറുമ്പ്രനാട്ട താലൂക്ക.

| സ്ഥാനം. | നാമം. | | ശമ്പളം. |
|---|---|---|---|
| തഹശ്ശില്‍ദാര്‍ | കുഞ്ഞി രാമന്‍ വൈദ്യര്‍ | ഉറു. | ൨൦൦ |
| ശിരസ്തുദാര്‍ | സൊമെശ്വരയ്യന്‍ | „ | ൫൦ |
| ഒന്നാം ഗുമസ്തന്‍ | രാമന്‍ മെനൊന്‍ | „ | ൨൦ |
| ദെശാധികാരികൾ ൯൩ | ഒരൊരുത്തക്കു | „ | ൫—൪ |

## കൊഴിക്കൊട താലൂക്ക.

| സ്ഥാനം. | നാമം. | | ശമ്പളം. |
|---|---|---|---|
| തഹശ്ശില്‍ദാര്‍ | സീ രാമന്‍ | ഉറു. | ൭൫ |
| ശിരസ്തുദാര്‍ | കെ. കൊമന്‍ നായര്‍ | „ | ൪൫ |
| ഒന്നാം ഗുമസ്തന്‍ | കെള്ളകുറുപ്പു | „ | ൨൦ |
| ദെശാധികാരികൾ ൩൫ | ഒരൊരുത്തക്കു | „ | ൫—൪ |

## എറനാട്ട താലൂക്ക.

| സ്ഥാനം. | നാമം. | | ശമ്പളം. |
|---|---|---|---|
| തഹശ്ശില്‍ദാര്‍ | പി. രാമന്‍ മാരയര്‍ | ഉറു. | ൨൦൦ |
| ശിരസ്തുദാര്‍ | പരമെശ്വര പിള്ള | „ | ൫൦ |
| ഒന്നാം ഗുമസ്തന്‍ | വി. രാമസ്വാമിപട്ടര്‍ | „ | ൨൦ |
| ദെശാധികാരികൾ ൫൨ | ഒരൊരുത്തക്കു | „ | ൫—൪ |

## പൊന്നാണി താലൂക്ക.

| സ്ഥാനം. | നാമം. | | ശമ്പളം. |
|---|---|---|---|
| തഹശ്ശില്‍ദാര്‍ | രാമക്കിണ്ണി | ഉറു. | ൨൨൫ |
| ശിരസ്തുദാര്‍ | പീ സുബ്ബുപട്ടര്‍ | „ | ൫൫ |
| ഒന്നാം ഗുമസ്തന്‍ | പീ. ഗൊപാലനായര്‍ | „ | ൨൦ |
| ദെശാധികാരികൾ ൬൪ | ഒരൊരുത്തക്കു | „ | ൫—൪ |

## വള്ളുവനാട താലൂക്ക.

| സ്ഥാനം. | നാമം. | | ശമ്പളം. |
|---|---|---|---|
| തഹശ്ശില്‍ദാര്‍ | മ. രാമുണ്ണി പണിക്കര്‍ | ഉറു. | ൨൦൦ |
| ശിരസ്തുദാര്‍ | അ. അനന്തപട്ടര്‍ | „ | ൫൫ |
| ഒന്നാം ഗുമസ്തന്‍ | ഉ. മഹെശ്വരയ്യന്‍ | „ | ൨൦ |
| ദെശാധികാരികൾ ൯൩ | ഒരൊരുത്തക്കു | „ | ൫—൪ |

## പാലക്കാട താലൂക്ക.

| സ്ഥാനം. | നാമം. | | ശമ്പളം. |
|---|---|---|---|
| തഹശ്ശീൽദാർ | ക. കൃഷ്ണമെനൊൻ. | ഉറു. | ൨൦൦ |
| ശിരസ്തദാർ | വ. അച്ചുതനായർ | ,, | ൫൫ |
| ഒന്നാം ഗുമസ്തൻ | പ. രാമൻ മെനൊൻ | ,, | ൨൦ |
| ദെശാധികാരികൾ ൯ | ഒരൊരുത്തൎക്ക | ,, | ൫—൮ |

## വയനാട താലൂക്ക.

| സ്ഥാനം. | നാമം. | | ശമ്പളം. |
|---|---|---|---|
| തഹശ്ശീൽദാർ | ഉപ്പൊട്ട കണ്ണൻ | ഉറു. | ൨൦൭ |
| ശിരസ്തദാർ | വെങ്കടരാമയ്യൻ | ,, | ൬൦ |
| ഒന്നാം ഗുമസ്തൻ | മ. കൃഷ്ണനായർ | ,, | ൨൫ |
| ദെശാധികാരികൾ ൪൨ | ഒരൊരുത്തൎക്ക | | |

## കൊച്ചി താലൂക്ക.

| സ്ഥാനം. | നാമം. | | ശമ്പളം. |
|---|---|---|---|
| തഹശ്ശീൽദാർ | ഫ്രിദരിക്ക ഗ്രീൻ | ഉറു. | ൪൫൦ |
| ശിരസ്തദാർ | ,, | ,, | ,, |
| ഒന്നാം ഗുമസ്തൻ | നഗരെശ്വരയ്യൻ | ,, | ൨൦ |
| ദെശാധികാരി ൪ | | ,, | ൯ |

## സബ്ബമജിസ്ത്രെറ്റുകൾ

| | | | | |
|---|---|---|---|---|
| തളിപറമ്പ | വെങ്കടരാമയ്യൻ | ശമ്പളം | ഉറു. | ൭൦ |
| കണ്ണനൂർ | തയ്യിൽ രാമുണ്ണി | ,, | ,, | ൪൦൦ |
| ചാവശ്ശെരി | ക. കുഞ്ഞിരാമൻ നമ്പ്യാർ | ,, | ,, | ൩൫ |
| തലശ്ശെരി | ക. ശങ്കര മെനൊൻ | ,, | ,, | ൫൦ |
| കൊയലാണ്ടി | അപ്പാവു പിള്ള | ,, | ,, | ൫൦ |
| കൊഴിക്കൊട്ട | സുബ്ബരായൻ മുതലിയാർ | ,, | ,, | ൫൦ |
| തിരുവങ്ങാടി | മ. കൃഷ്ണ പണിക്കർ | ,, | ,, | ൫൦ |
| വെട്ടത്ത പുതിയങ്ങാടി | പ. ഗൊപാല മെനൊൻ | ,, | ,, | ൫൦ |
| അങ്ങാടി പുറം | ക. വീരാങ്കുട്ടി | ,, | ,, | ൩൫ |
| ചാവക്കാട്ട | ക. ചാത്തു മെനൊൻ | ,, | ,, | ൩൫ |
| ആലത്തൂർ | താച്ചു മെനൊൻ | ,, | ,, | ൩൫ |
| വയത്തിരി | ജീ. എൽ. റസായ്യൊ | ,, | ,, | ൪൨൫ |
| കൂടല്ലൂർ | ശ്രീനിവാസമൂൎത്തി അയ്യങ്കാര | ,, | ,, | ൪൨൫ |
| തങ്കച്ചെരി | ഗ്രിഗൊരി ലെപൊൎത്ത | ,, | ,, | ൩൫ |
| അഞ്ചുതെങ്ങ | പീത്തർ നെത്തൊ | ,, | ,, | ൮൦ |

## ൨. സിവിൽ കാൎയ്യസ്ഥന്മാർ Civil Department.

H. C. D. Cook Esqr. ഹ. ദ. കുക്ക ജില്ലാജഡ്ജി കൊഴിക്കൊട്ട.
A. W. Sullivan. Esqr. ഏ. വ. സുല്ലിവൻ ജില്ലാജഡ്ജി തലശ്ശെരി.
G. R. Sharpe Esqr. ജ. റ. ശാൎപ്പ. സ്മാൾ കാസ്സ ജഡ്ജി തലശ്ശെരി.

### പ്രിൻസിപ്പാൾ സദ്രാമിൻ.

| | | | | |
|---|---|---|---|---|
| കൊഴിക്കൊട. Mr. I. D. Silva. ജൊസില്വ. | ശമ്പളം. | ഉറു. | ൬൦൦ |
| തലശ്ശെരി. Mr. A. T. Pereira. എ. ഫ. പെരൈറ. | „ | „ | ൬൦൦ |

### ശിരസ്തദാർ.

| | | | |
|---|---|---|---|
| കൊഴിക്കൊട ജില്ലാ കൊടത്തി ജ. എ. ഡി. അത്രുജ | ശമ്പളം. | ഉറു. | ൧൦൦ |
| കൊഴിക്കൊട പ്രിൻസിപ്പാൾ കൊടത്തി വി. ജൊൻ. | „ | „ | ൮൦ |
| തലശ്ശെരി ജില്ലാ കൊടത്തി. സുബ്ബരവു | „ | „ | ൧൦൦ |
| തലശ്ശെരി സ്മാൾകാസ്സ കൊടത്തി ബ സ. രുസാരി (ഹെഡക്ലാൎക്ക) | | | ൧൦൦ |
| തലശ്ശെരി പ്രിൻസിപ്പാൾ സദ്രാമിൻ കൊടത്തി മാണിക്കൊത്ത. പൈന്ത്രുമെനൊൻ „ | „ | „ | ൫൦ |

### മുൻസിഫന്മാർ.

#### ൧. ക്ലാസ്സ.

| പാൎപ്പ്. | നാമം. | | ശമ്പളം. |
|---|---|---|---|
| കൊഴിക്കൊട. | എസ്സ. സി. അരുണാചലമുതലിയാർ | ഉറു | ൩൦൦ |
| ചാവകാട്ട | എം ജൊൎജ്ജ | „ | ൩൦൦ |
| തലശ്ശെരി | മെസ്ത്ര. ജൊക്കിൻ. ദെ. രുസാരിയൊ | „ | ൩൦൦ |

#### ൨. ക്ലാസ്സ.

| പാൎപ്പ്. | നാമം. | | ശമ്പളം. |
|---|---|---|---|
| ചാവചെരി | സുബ്ബരാവു | ഉറു | ൨൦൦ |
| ഇരുവൈനാട്ട | ശാസ്ത്രാപയ്യൻ | „ | ൨൦൦ |
| വടകര | കൂവുക്കൽ കുഞ്ഞി രാമൻ മെനൊൻ | „ | ൨൦൦ |
| കട്ടത്തനാട്ട | പെരുമ്പിലാവിൽ കൃഷ്ണമെനൊൻ | „ | ൨൦൦ |
| കുറുമ്പ്രനാട്ട | രുസാരിയൊ | „ | ൨൦൦ |
| കവ്വായി | ദൂമിങ്കൊ. ദെ. ക്രൂസ്സ | „ | ൨൦൦ |
| ചെറനാട്ട | ഝെ. എം രുസാരി | „ | ൨൦൦ |
| ഏറനാട്ട | കിഴക്കമ്പാട്ട കൃഷ്ണമെനൊൻ | „ | ൨൦൦ |
| പാലക്കാട്ട | എം. ലബ്രൂഷ്ടഡിയർ | „ | ൨൦൦ |
| തെന്മലപുരം | പാല പ്രത്ത രാമൻ മെനൊൻ | „ | ൨൦൦ |
| നെട്ടങ്ങനാട്ട | എം പാൎത്ഥ സാരഥിപിള്ള | „ | ൨൦൦ |
| പട്ടാമ്പി | ചെമ്പിൻ കൃഷ്ണമെനൊൻ | „ | ൨൦൦ |

| | | | | |
|---|---|---|---|---|
| കുററനാടു | പള്ളി അഹമ്മത സാഹെബ | ശമ്പളം | ഉറു | ൨൦൦ |
| പെട്ടത്തനാടു | ചിങ്ങച്ചം വീട്ടിൽ ശങ്കരനായർ | ,, | ,, | ൨൦൦ |
| വെളിയങ്കൊട | പാലക്കറി ജിക്കുഞ്ഞുമെനൊൻ | ,, | ,, | ൨൦൦ |
| കൊഴിക്കൊടു | അസ്സനാലി സാഹെബ | ,, | ,, | ൨൦൦ |

൩. ക്ലാസ്സ്.

| | | | |
|---|---|---|---|
| അഞ്ചുതെങ്ങ | പീററർ. നെററെ (സബ്ബമജിസ്ത്രെറം) | ഉറു | ൭൦ |
| വയിത്തിരി | കൊററിയത്തരാമൻ (സബ്ബമജിസ്ത്രെറം) | ,, | ൧൨൫ |
| ക്രഡല്ലൂർ | വെങ്കിടപതിനായഡു (സബ്ബമജിസ്ത്രെറം) | ,, | ൧൨൫ |

## തപ്പാൽ ക്രമങ്ങൾ.

കത്ത പുസ്തകം ഭാണ്ഡം എന്നിവയുടെ തൂക്കത്തിൻ പ്രകാരം തപ്പാൽ കൂലിവിവര ലെഖനമാവിതു.

൧. കത്ത.

| തൂക്കം | | | | മുദ്രവില. |
|---|---|---|---|---|
| \| ഉറുപ്പികയിൽ ഏറാത്തതിന്ന | | | | പൈ. ൬ |
| \|\| ഉറു | ,, | ,, | ,, | അണ. ൧ |
| ൧ ,, | ,, | ,, | ,, | ,, ൨ |
| ൧ \|\| | ,, | ,, | ,, | ,, ൩ |
| ൨ | ,, | ,, | ,, | ,, ൪ |

എന്നിങ്ങിനെ ഒരൊ ഉറുപ്പികയുടെയും അതിന്റെ യാതൊരു അംശത്തിന്റെയും തൂക്കത്തിന്നു. ഠരംരണ്ട അണ ഏറുകയും ചെയ്യും. മുദ്രയില്ലാത്ത കത്തിന്നു ഇരട്ടിച്ച കൂലി ഉണ്ടു. വല്ല കത്തിന്നു വെച്ചമുദ്ര പൊരാതെ ആയിവന്നാൽ അതിനെ വാങ്ങുന്നവൻ ആ മുദ്രയുടെയും ന്യായമായ കൂലിയുടെയും ഭെദം ഇരട്ടിച്ചു കൊടുക്കെണ്ടിവരും. ൧൨ ഉറുപ്പിക തൂക്കത്തിൽ അധികമുള്ളത ഭാണ്ഡതപ്പാൽ നടക്കുന്ന കച്ചെരികളിൽ കത്ത എന്നവെച്ചു എടുക്കയില്ല. ഭാണ്ഡത്തിലത്രെ ചെൎക്കുന്നുള്ളു. ഭാണ്ഡമില്ലാത്ത കച്ചെരിയിൽ എടുക്കയും ചെയ്യും.

൨ പുസ്തകം.

പുസ്തകം, വൎത്തമാന കടലാസ്സു മുതലായ എഴുത്തുകളെ തപ്പാൽ വഴിയായി അയപ്പാൻ വിചാരിച്ചാൽ അവറെറ രണ്ടു പുറത്ത തുറന്നിരിക്കുന്ന മെഴുത്തുണിയിൽ കെട്ടി "പുസ്തകത്തപ്പാൽ" എന്നവാക്കു തലക്കൽ എഴുതെണം. എന്നാൽ ൨൦ ഉറുപ്പിക ( || റാത്തൽ) തൂക്കത്തിന്നു ഒർ അണയുടെയും ൪൦ ഉറുപ്പിക തൂക്കത്തിന്നു രണ്ട അണയുടെയും മുദ്രയെ പതിക്കെണം. ൧൨൦ ഉറുപ്പിക തൂക്കത്തിൽ അധികമുള്ള പുസ്തകം അയപ്പാൻ കഴികയില്ല. മുദ്രവെക്കാതെ കണ്ടു ഠരം തപ്പാൽ ഒന്നും എടുത്തു കൂടാ. എന്നാൽ ഠരം ഇങ്ക്ലിഷ സൎക്കാൎക്ക അധീനമായിരിക്കുന്ന ഹിന്തു രാജ്യങ്ങളുടെ ഏതു സ്ഥലത്തിലെക്കും മെൽപറഞ്ഞ തൂക്കമുള്ള കത്തിന്നും പുസ്തകത്തിന്നും മെൽ പറ

ഞ്ഞ കൂലിയും മതി. കണ്ണൂരിലെക്കും കാശിയിലെക്കും ഒക്കുന്ന തൂക്കത്തിന്നും ഒക്കുന്ന മുദ്രവെണം.

൩. ഭാണ്ഡം.

| | | ംരം തൂക്കത്തിന്ന ഏറാത്തതിന്ന ഉറുപ്പിക തൂക്കം. | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ൨൦ | | ൧൦൦ | | ൨൦൦ | | ൩൦൦ | | ൪൦൦ | | ൫൦൦ | | ൬൦൦ | |
| ദൂരത്തിന്ന ഏറാത്തതിന്ന | മുദ്രവില. | ഉ. | അ. | ഉ. | അ. | ഉ. | അ. | ഉ. | അ. | ഉ. | അ. | ഉ. | അ. | ഉ. | അ. |
| | മൈല്ല. | | | | | | | | | | | | | | |
| | ൧൦൦ | ,, | ൨ | ,, | ൪ | ,, | ൮ | ,, | ൧൨ | ൧ | ,, | ൧ | ൪ | ൧ | ൮ |
| | ൩൦൦ | ,, | ൬ | ,, | ൧൨ | ൧ | ൮ | ൨ | ൪ | ൩ | ,, | ൩ | ൧൨ | ൪ | ൮ |
| | ൬൦൦ | ,, | ൧൨ | ൧ | ൮ | ൩ | ,, | ൪ | ൮ | ൬ | ,, | ൭ | ൮ | ൯ | ,, |
| | ൯൦൦ | ൧ | ൨ | ൨ | ൪ | ൪ | ൮ | ൬ | ൧൨ | ൯ | ,, | ൧൧ | ൪ | ൧൩ | ൮ |
| | ൧൨൦൦ | ൧ | ൮ | ൩ | ,, | ൬ | ,, | ൯ | ,, | ൧൨ | ,, | ൧൫ | ,, | ൧൮ | ,, |
| ൧൨൦൦ | ഏറിയാൽ | ൧ | ൧൪ | ൩ | ൧൨ | ൭ | ൮ | ൧൧ | ൪ | ൧൫ | ,, | ൧൮ | ൧൨ | ൨൨ | ൮ |

ഇങ്ങനെ അയക്കുന്ന കെട്ടുകളിൽ കത്ത ഒന്നും അരുത. ആയതിനെ മെഴുത്തുണികൊണ്ടു നല്ലവണ്ണം പൊതഞ്ഞു ഇതിൽ റെഗ്യുലെഷിന്ന വിരൊധമായി ഏതുമില്ല. എന്ന തലക്കൽ ഒരു എഴുത്തും അയക്കുന്നവന്റെ പെരും ഒപ്പും ചെത്തു വെക്കുകയും വെണം. മെൽ പറഞ്ഞ കൂലി പണമായിട്ടൊ മുദ്രയായിട്ടൊ കൊടുക്കുന്നതിൽ ഭെദമില്ല. വെറുതെ അയച്ചാൽ വാങ്ങുന്നവൻ ംരം വില തന്നെ കൊടുക്കെണ്ടി വരും

## മുദ്രാവിധങ്ങൾ.

ഹ്രുണ്ടിക, ബിൽഓഫ എക്സ്ചെഞ്ച, തൽക്ഷണം മുതൽ അടക്കുന്ന എഴുത്തുകൾ എന്നിവ ൨൦ ഉറുപ്പികയിൽ ഏറാഞ്ഞാൽ മുദ്രവെണ്ട. ഏറിപൊയൊ എന്നാൽ ഒർ അണയുടെ മുദ്രയെ പതിക്കെണം.

തൽക്ഷണം പണം ഉള്ളുക്കുകയും. പണം ഒരു സംവത്സരത്തിൽ അധികം താമസിപ്പിക്കാതെയുമുള്ളവററിന്ന മുദ്രവിലയാവിതു.

| | | | | | ഉറു. | അണ. |
|---|---|---|---|---|---|---|
| | | ൧൦൦ ഉറുപ്പികയിൽ ഏറാത്തതിന്ന | | | ,, | ൧ |
| ൧൦൦ററിൽ | അധികം | ൨൫൦ | ,, | ,, | ,, | ൩ |
| ൨൫൦ | ,, | ൫൦൦ | ,, | ,, | ,, | ൬ |
| ൫൦൦ | ,, | ൧൦൦൦ | ,, | ,, | ,, | ൧൨ |
| ൧൦൦൦ | ,, | ൨൫൦൦ | ,, | ,, | ൧ | ൮ |
| ൨൫൦൦ | ,, | ൫൦൦൦ | ,, | ,, | ൩ | ,, |
| ൫ ൦൦൦ | ,, | ൧൦ ൦൦൦ | ,, | ,, | ൬ | ,, |
| ൧൦ ൦൦൦ | ,, | ൨൦ ൦൦൦ | ,, | ,, | ൧൨ | ,, |
| ൨൦,൦൦൦ | ,, | ൩൦ ൦൦൦ | ,, | ,, | ൧൮ | ,, |
| ൩൦,൦൦൦ എന്നതിൽ | അധികമുള്ളതിന്ന | | ,, | ,, | ൨൪ | ,, |

## കറാർ മുതലായ എഴുത്തുകൾക്ക വെണ്ടിയ മുദ്രകടലാസ്സുകളുടെ വിവരം.

| | | | | ഉറു. | അണ. |
|---|---|---|---|---|---|
| | | ൨൫ ഉറു. | ഏറാത്തതിന്നു | ,, | ൨ |
| | | ൫0 | ,, | ,, | ൪ |
| ൫0 | ഉറു. | ൧00 | ,, | ,, | ൮ |
| ൧00 | ,, | ൨00 | ,, | ൧ | ,, |
| ൨00 | ,, | ൩00 | ,, | ൨ | ,, |
| ൩00 | ,, | ൫00 | ,, | ൪ | ,, |
| ൫00 | ,, | ൭00 | ,, | ൫ | ,, |
| ൭00 | ,, | ൧000 | ,, | ൬ | ,, |
| ൧000 | ,, | ൨000 | ,, | ൧0 | ,, |
| ൨000 | ,, | ൩000 | ,, | ൧൫ | ,, |
| ൩000 | ,, | ൫000 | ,, | ൨൫ | ,, |
| ൫000 | ,, | ൧0,000 | ,, | ൩൫ | ,, |
| ൧0,000 | ,, | ൨0,000 | ,, | ൬0 | ,, |
| ൨0,000 | ,, | ൪0,000 | ,, | ൧00 | ,, |
| ൪0,000 | ,, | ൬0,000 | ,, | ൧൨൫ | ,, |
| ൬0,000 | ,, | ൮0 000 | ,, | ൧൫0 | ,, |
| ൮0,000 | ,, | ൧00,000 | ,, | ൨00 | ,, |

പിന്നെ ഒരൊ ലക്ഷത്തിന്റെ അംശത്തിന്നും ൧00, മുഴുവൻ ലക്ഷത്തിന്നും ൨00 ഉറുപ്പിക കയററം ഉണ്ടാകും.

## പണയാധാരം ജന്മാധാരം മുതലായവററിന്നു വെണ്ടിയ മുദ്രകടലാസ്സുകളുടെ വിവരം.

| | | | | | ഉറു. | അ. |
|---|---|---|---|---|---|---|
| | | ൧00 ഉറുപ്പികയിൽ | ഏറാത്തതിന്നു | | ൧ | ,, |
| ൧00 | ഉറു. | ൨00 | ,, | ,, | ൨ | ,, |
| ൨00 | ,, | ൪00 | ,, | ,, | ൪ | ,, |
| ൪00 | ,, | ൮00 | ,, | ,, | ൮ | ,, |
| ൮00 | ,, | ൧൨00 | ,, | ,, | ൧൨ | ,, |
| ൧൨00 | ,, | ൨000 | ,, | ,, | ൨0 | ,, |
| ൨000 | ,, | ൩000 | ,, | ,, | ൩0 | ,, |
| ൩000 | ,, | ൪000 | ,, | ,, | ൪0 | ,, |
| ൪000 | ,, | ൫000 | ,, | ,, | ൫0 | ,, |
| ൫000 | ,, | ൭000 | ,, | ,, | ൭൫ | ,, |
| ൭000 | ,, | ൧0,000 | ,, | ,, | ൧00 | ,, |
| ൧0,000 | ,, | ൨0,000 | ,, | ,, | ൧൫0 | ,, |
| ൨0,000 | ,, | ൪0,000 | ,, | ,, | ൨00 | ,, |
| ൪0,000 | ,, | ൬0,000 | ,, | ,, | ൩00 | ,, |
| ൬0,000 | ,, | ൮0,000 | ,, | ,, | ൪00 | ,, |
| ൮0,000 | ,, | ൧00 000 | ,, | ,, | ൫00 | ,, |

പിന്നെ ഒരൊ അമ്പതിനായിരത്തിന്നും ൨00ആയ്തിന്റെ യാതൊരു അംശത്തിന്നും ൧00 ഉറുപ്പിക കയററം ഉണ്ടാകും.

പാട്ടം വീട്ടുകൂലി മുതലായ ആധാരങ്ങൾക്കു മുദ്ര പതിക്കേണ്ടുന്ന പ്രകാരങ്ങൾ.

| | | | | | ഒരു സംവത്സരവും. | | അതിൽ അധികവും. | |
|---|---|---|---|---|---|---|---|---|
| | | | | | ഉറു. | അ. | ഉറു. | അ. |
| | | | ൨൪ ഉറുപ്പികയിൽ ഏറാത്തതിന്നു. | | ,, | ൪ | ,, | ൮ |
| ൨൪ | ഉറുപ്പികയി ഏറി | | ൫൦ | ,, | ,, | ൮ | ,, | ൧൨ |
| ൫൦ | ,, | ,, | ൧൦൦ | ,, | ,, | ൧൨ | ൧ | ,, |
| ൧൦൦ | ,, | ,, | ൨൨൫ | ,, | ൧ | ,, | ൨ | ,, |
| ൨൨൫ | ,, | ,, | ൫൦൦ | ,, | ൨ | ,, | ൪ | ,, |
| ൫൦൦ | ,, | ,, | ൧൦൦൦ | ,, | ൪ | ,, | ൮ | ,, |
| ൧൦൦൦ | ,, | ,, | ൨൦൦൦ | ,, | ൮ | ,, | ൧൬ | ,, |
| ൨൦൦൦ | ,, | ,, | ൪൦൦൦ | ,, | ൧൬ | ,, | ൩൨ | ,, |
| ൪൦൦൦ | ,, | ,, | ൬൦൦൦ | ,, | ൨൪ | ,, | ൪൮ | ,, |
| ൬൦൦൦ | ,, | ,, | ൧൦,൦൦൦ | ,, | ൪൦ | ,, | ൮൦ | ,, |
| ൧൦,൦൦൦ | ,, | ,, | ൨൫,൦൦൦ | ,, | ൧൦൦ | ,, | ൨൦൦ | ,, |
| ൨൫,൦൦൦ | ,, | ,, | ൫൦,൦൦൦ | ,, | ൨൦൦ | ,, | ൪൦൦ | ,, |

പിന്നെ കയറുന്നൊരൊ ഇരുപതിനായിരത്തിന്നും അതിന്റെ യാതൊരു അംശത്തിന്നും ഏക വത്സരത്തിനായി ഉറു ൧൦൦ ബഹു വത്സരങ്ങൾക്കായി ഉറു ൨൦൦ കയറുകയും ചെയ്യും.

## ഗ്രഹണങ്ങൾ.

ഈ ൧൮൬൬. വൎഷത്തിൽ മലയാളികൾക്കു കാണാകുന്ന ഗ്രഹണം ഇല്ല. മാൎച്ചമാസം ൩൧ സെപ്തെംബർ മാസം ൨൪ എന്ന ഈ രണ്ടു പൌൎണ്ണമികളിൽ ചന്ദ്രഗ്രഹണം സംഭവിക്കുന്നു എങ്കിലും അതു ഭൂഗൊളത്തിന്റെ പെറെ ഭാഗത്ത കാണായിവരുന്നു. പിന്നെ മാൎച്ചമാസം ൧൬ ഒക്തൊബർ ൮ എന്നീരണ്ടു അമാവാസികളിൽ സൂൎയ്യഗ്രഹണം ഉണ്ടാകും. അവററിൽ ഒന്നാമതിനെ ഈ ആസ്യഖണ്ഡത്തിന്റെ വടക്കു കിഴക്കു പ്രദെശങ്ങളിൽ പാൎക്കുന്നവർ കാണും, മറെറതു യുരൊപ്പ ഖണ്ഡത്തിന്റെ പടിഞ്ഞാറെ അംശങ്ങളിൽ കാണായിവരുന്നു.

## പ്രയത്നത്തിന്നു തക്ക കൂലി.

